പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നംപർ റ്റി 144 21.01.2014 - ൽ മറുപടിക്ക്

## വാർദ്ധക്യ പെൻഷൻ

ചോദ്യം

ശ്രീ. കെ. എൻ. എ. ഖാദർ

„ എൻ. ഷംസുദ്ദീൻ

„ സി. മോയിൻകുട്ടി

„ വി.എം. ഉമ്മർ മാസ്റ്റർ

ഉത്തരം

ഡോ. എം.കെ. മുനീർ

(ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വാർദ്ധക്യത്തിൽ ഓരോ വ്യക്തിക്കും ഏതെങ്കിലും ഒരു പെൻഷൻ ലഭ്യമായിരിക്കണമെന്ന തത്ത്വം സർക്കാർ അംഗീകരിച്ചിട്ടുണ്ടോ ; എങ്കിൽ അത് പൂർണ്ണമായി നടപ്പാക്കാനായിട്ടുണ്ടോ എന്നത് സംബന്ധിച്ച വിശദവിവരം നൽകാമോ ; | (എ) | ഉണ്ട്. ഈ ലക്ഷ്യം നേടുന്നതിനായി വാർദ്ധക്യകാല പെൻഷൻ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ആയതിൻ പ്രകാരം 60 വയസു പൂർത്തിയായ, എപിഎൽ/ ബിപിഎൽ വ്യത്യാസമില്ലാതെ 3 ലക്ഷം രൂപ വരെ കുടുംബ വാർഷിക വരുമാനമുള്ള വ്യക്തികൾ നിലവിൽ വാർദ്ധക്യ കാല പെൻഷന് അർഹരാണ്. |
| (ബി) | പെൻഷന്റെ കുറഞ്ഞ നിരക്ക് നിശ്ചയിച്ചതിന്റെ മാനദണ്ഡമെന്താണെന്നും, അതിന് ജീവിത നിലവാര സൂചികയുമായി ബന്ധമുണ്ടോയെന്നും വ്യക്തമാക്കുമോ ; | (ബി) | സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയ്ക്കനുസൃതമായിട്ടാണ് പെൻഷന്റെ കുറഞ്ഞ നിരക്ക് നിശ്ചയിച്ചിരിക്കുന്നത്. അതിന് ജീവിത നിലവാര സൂചികയുമായി ബന്ധമില്ലെങ്കിലും കാലാനുസൃതമായ വർദ്ധനവുകൾ പെൻഷന് വരുത്താറുണ്ട്. |
| (സി) | എല്ലാ പെൻഷനുകളും ജീവിത നിലവാര സൂചികയുമായി ബന്ധപ്പെടുത്തുന്നതിനും സർക്കാർ ജീവനക്കാരുടെ ഡി.എ. വർദ്ധനയുമായി ബന്ധപ്പെടുത്തി പെൻഷനുകൾ പരിഷ്കരിച്ച് നൽകുന്നതിനും നടപടി സ്വീകരിക്കുമോ ? | (സി) | ഇപ്പോൾ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ